പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3943 11.11.2019-ൽ മറുപടിയ്ക്ക്

**കാർഡിയോ വാസ്കുലർ ടെക്നോളജി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ** | | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി വിദ്യാർത്ഥികളുടെ 2014 ൽ പുറത്തിറക്കിയ സിലബസിൽ ഇന്റേൺഷിപ്പ് സമയത്ത് സർക്കാർ നിശ്ചിത സ്റ്റൈപ്പന്റ് നല്കണമെന്ന് രേഖപ്പെടുത്തിയിരുന്നുവോ; | (എ) | കേരള ആരോഗ്യ സർവ്വകലാശാല തയ്യാറാക്കിയ ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി കോഴ്സിന്റെ സിലബസിൽ "Stipend as fixed by the Govt. will be paid during internship" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതു പ്രകാരം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നല്കിയിരുന്നുവോ; | (ബി) | പാരാമെഡിക്കൽ ബിരുദ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നില്ല. |
| (സി) | സ്റ്റൈപ്പന്റ് നല്കിയിട്ടില്ലെങ്കിൽ നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | • വർഷാവർഷം പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കുന്ന പ്രോസ്പെക്ടസിൽ ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലർ ടെക്നോളജി കോഴ്സിന് സ്റ്റൈപ്പന്റ് നൽകുമെന്ന് പരാമർശിച്ചിട്ടില്ല.<br>• ഇൻറ്റേൺഷിപ്പുള്ള മറ്റു പാരാമെഡിക്കൽ ബിരുദകോഴ്സുകൾക്കും നാളിതുവരെ സ്റ്റൈപ്പന്റ് നൽകുന്നില്ല.<br>• സർക്കാർ നടത്തുന്ന പാരാമെഡിക്കൽ ബിരുദാനന്തര കോഴ്സുകൾക്ക് മാത്രമാണ് നിലവിൽ സ്റ്റൈപ്പന്റ് നൽകിവരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സിലബസിൽ രേഖപ്പെടുത്തിയതുപ്രകാരം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുമോ; വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ